# GHSS MANJAPRA

## MASTER PLAN 2025-26



# ഉള്ളടക്കം


1.ആമുഖം

2.ലക്ഷ്യങ്ങൾ

3.വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

4.പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

5.നിലവിലെ അവസ്ഥാവിശകലനം

6.മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റ നോട്ടത്തിൽ

7.പദ്ധതി വിശദാംശങ്ങൾ

8.പ്രതീക്ഷിത നേട്ടങ്ങൾ

9.മോണിട്ടറിംഗ്

10.ഉപസംഹാരം


GHSS Manjapra

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :ഗവ. ഹയർ സെക്കൻഡറി സ്കൂൾ മഞ്ഞപ്ര |
| വിലാസം | :മഞ്ഞപ്ര പി ഒ, മഞ്ഞപ്ര |
| ഫോൺ | : 0484 2690061 |
| സ്കൂൾ കോഡ് | : 25082 |
| വിദ്യാഭ്യാസ ഉപജില്ല | :അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | :ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| B R C | :അങ്കമാലി |
| C R C | :നടുവട്ടം |
| ഗ്രാമ പഞ്ചായത്ത് | :മഞ്ഞപ്ര |
| ബ്ലോക്ക് പഞ്ചായത്ത് | :അങ്കമാലി |
| ജില്ലാപഞ്ചായത്ത് | :എറണാകുളം |
| നിയമസഭാമണ്ഡലം | :അങ്കമാലി |
| ലോകസഭാമണ്ഡലം | :ചാലക്കുടി |
| താലൂക്ക് | : ആലുവ |
| വില്ലേജ് | :മഞ്ഞപ്ര |
| ഇ- മെയിൽ | :ghs16manjapra@gmail.com |

GHSS Manjapra

## 1. ആമുഖം

എറണാകുളം ജില്ലയുടെ വടക്ക കിഴക്ക് അങ്കമാലി ഹൈവേ ജംഗ്ഷനിൽ നിന്ന് 8 കി.മീ. കിഴക്കാണ് മഞ്ഞപ്ര ഗവ. ഹയർ സെക്കൻഡറി സ്ക്കൂളിന്റെ സ്ഥാനം. ഏകദേശം 50 ച. മൈൽ വിസ്ത്രൃതിയുള്ള ഈ സ്കൂളിനോട് ചേർന്ന കിടക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ് കാലടിയും മലയാറ്റൂരും.100 വർഷങ്ങൾക്ക മുൻപ് ചന്ദ്രപ്പുര കവലയിലുള്ള വില്ലേജ് ഓഫീസ് കോമ്പൗണ്ടിലാണ് ഇന്നത്തെ മഞ്ഞപ്ര സ്ക്കൂളിൻെ പ്രവർത്തനം ആരംഭിച്ചത്. ശ്രീമൂലം തിരുനാൾ രാമവർമ മഹാരാജാവിൻെ കാലത്ത് ദിവാൻജിയായിരുന്ന വി. രാജഗോപാലാചാരി നിയമം മൂലം സർക്കാർ എലിമെന്ററി സ്ക്കൂൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. തിരുവിതാംകൂർ സംസ്ഥാനത്തിൽ നിയമം മൂലം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻപ് തന്നെ മഞ്ഞപ്ര നേറ്റീവ് ഗ്രാന്റ്സ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിദ്യാലയത്തിൽ കുഞ്ചുവാര്യർ ആശാൻ ആയിരുന്നു ആദ്യത്തെ അധ്യാപകൻ. ചന്ദ്രപ്പുര കവലയിൽ പ്രവർത്തനം ആരംഭിച്ച ലോക്കൽ ഗവൺമെന്റ് എലിമെന്ററി സ്ക്കൂൾ ( എൽ. ജി. ഇ.എസ്.) വൈക്കോൽ മേഞ്ഞ ഒരു ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.1966 ലാണ് ഈ വിദ്യാലയം അപ്പർ പ്രൈമറിയാക്കി ഉയർത്തിയത്. മഞ്ഞപ്ര പഞ്ചായത്തിൽ നിന്നും 33000 രൂപ മുടക്കി ഹൈസ്ക്കൂളിനാവശ്യമായ സ്ഥലം വാങ്ങിച്ച് സർക്കാരിനെ ഏൽപ്പിച്ചു. ഹൈസ്ക്കൂൾ നിർമാണ കമ്മറ്റി നാട്ടുകാരിൽ നിന്നും 25000 രൂപ പിരിച്ചെടുത്ത് കെട്ടിടനിർമാണത്തിനുപയോഗിച്ചു. 1977 മാർച്ചിൽ ആദ്യബാച്ചിലെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. ലോവർ പ്രൈമറിസ്ക്കൂൾ - 1907-1965 അപ്പർ പ്രൈമറിസ്ക്കൂൾ - 1966-1974 അപൂർണ്ണ ഹൈസ്ക്കൂൾ - 1974-1976 പൂർണ ഹൈസിക്കൂൾ - 1976 ജൂൺ മുതൽ 2000 മുതൽ ഹയർ സെക്കന്ററി

GHSS Manjapra

## 2. ലക്ഷ്യങ്ങൾ

1. 5 മുതൽ 10 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക . (പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവർത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).

2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

3.അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും

4. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

5. ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

6. ക്ലാസ് മുറികളിൽ ഐസിടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും

7. കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കു.

8. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും.

9. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

GHSS Manjapra

10. പഠനം ആകർഷവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും

11. സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും

12. ലഘുപഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ ,വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

13. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും, മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാൻ ആവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും

14. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും

15. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തിൽ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും

16. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും

**17.** വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും

**18.** തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും. കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും

19. സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും

20. സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

GHSS Manjapra

21. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തും

22. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലപ്രവർത്തനങ്ങളിലൂടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും.

23. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും

24. 5 മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തും.

**3. വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്**

പാഠപാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്നശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും.

GHSS Manjapra

4. **പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ**

1 എസ് ആർ ജി യോഗത്തിൽ അവതരിപ്പിക്കലും ചർച്ചയും

2. വികസന ആവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികമാക്കാമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപ തയ്യാറാക്കാൻ

3.കരട് രൂപരേഖ എസ് ആർ ജി എസ് എൻ സി പി എം ഒ എസ് എ എസ് ഡി സി രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4 ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5 പി റ്റി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

**നിലവിലെ അവസ്ഥാവിശകലനം :**

**ഭൗതിക നേട്ടങ്ങൾ**

ഐറ്റി ലാബുകൾ, പിന്നോക്ക മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്ര സൗകര്യത്തിനായി സ്കൂൾ ബസ് ,ഡിജിറ്റൽ സൗകര്യമുള്ള ക്ലാസ് മുറികൾ, റാംപ് സൗകര്യമുള്ള സ്കൂൾ കെട്ടിടങ്ങൾ.

**ഭൗതികം :പരിമിതികൾ**

ഓഫീസ് റൂം, ലാബ് ,ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ക്ലാസ് മുറികൾ കൃത്യമായി പരിപാലിക്കേണ്ടതുണ്ട്, ചുറ്റുമതിൽ പൂർണ്ണമല്ല. നല്ലൊരു ഓഡിറ്റോറിയം ഇല്ല .വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട് . ഭോജനശാല ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. ശുദ്ധജല സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

GHSS Manjapra

**അക്കാദമികം നേട്ടങ്ങൾ**

അക്കാദമികമായും, സാമ്പത്തികമായും ,സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിൽ നിന്നും വരുന്ന കുട്ടികളിൽ നിന്ന് പരമാവധി എസ്എസ്എൽസി വിജയ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട് . അക്ഷര ക്ലാസുകൾ 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് നൽകിക്കൊണ്ട് പരമാവധി കുട്ടികൾക്ക് എഴുത്തും വായനയും മെച്ചപ്പെടുത്തുന്നു. വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് തെളിയിച്ചിട്ടുണ്ട്.

**അക്കാദമികം :പരിമിതികൾ**

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട് . സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറികൾ ആധുനികവൽക്കരണം. ക്ലാസ് ലൈബ്രറികൾ മെച്ചപ്പെടുത്തണം. സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ എണ്ണം കൂടുതലായതുകൊണ്ട് ക്ലാസിൽ സ്ഥിരമായി വരാത്ത കുട്ടികളുടെ എണ്ണവും കൂടുതലാണ്.

GHSS Manjapra

6. **മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ**

| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| --- | --- | --- |
| ഭാഷാശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠനപരീപോഷണം<br>ശാസ്ത്രപോഷണ പരിപാടി<br>വായനാ പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>പ്രതിഭാ പോഷണ പരിപാടി<br>നാടക കളരി<br>ജൈവവൈവിധ്യ പാർക്ക്<br>സാഹിത്യ പോഷണ പരിപാടികൾ<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>ഐടി പരിശീലനം<br>അധ്യാപക ശാക്തീകരണ പരിപാടികൾ<br>ക്ലാസ് പിടിഎ സജീവമാക്കൽ<br>പ്രവർത്തിപരിചയ പഠനം<br>ശാസ്ത്രാഭിരുചി വളർത്തൽ<br>പച്ചക്കറി തോട്ടം<br>രചനാശില്പശാല<br>അഭിമുഖങ്ങൾ<br>മെഡിക്കൽ ക്യാമ്പ്<br>പോഷകാഹാര പരിപാടി<br>ഗണിത ലാബ്<br>ഗണിതാന്തരീക്ഷമൊരുക്കൽ<br>ഭാഷാ ലാബ്<br>ബ്ലോഗ്<br>ടേം മൂല്യനിർണയം<br>നിരന്തര വിലയിരുത്തൽ<br>കായിക പഠനം<br>ദിനാചരണങ്ങൾ<br>ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>ഗണിതോത്സവം<br>മെടിക് മേള<br>ചിത്രരചന | കളിസ്ഥലം<br>ചിൽഡ്രൻസ് പാർക്ക്<br>ക്ലാസ് മുറികൾ<br>ഓഫീസുമുറി<br>സ്റ്റാഫ് മുറി<br>വിശ്രമമുറി<br>കമ്പ്യൂട്ടറും<br>മൾട്ടിമീഡിയ റൂം<br>ലൈബ്രറി<br>അടുക്കള<br>ഡൈനിങ് ഹാൾ<br>അസംബ്ലി ഹാൾ<br>കുടിവെള്ള വിതരണം<br>മാലിന്യ സംസ്കരണം<br>ലബോറട്ടറി<br>ജന്മദിനത്തിനൊരു പുസ്തകം<br>എൻറെ വീട്ടിലും ഒരു<br>കൃഷിത്തോട്ടം<br>എന്റെ ചെടി എനിക്കും<br>പറയാനുണ്ട് | പിടിഎ ശക്തിപ്പെടുത്തൽ<br>എസ് എം സി<br>എസ് എം ടി സി കാര്യക്ഷമമാക്കൽ<br>വിദ്യാലയ വികസന സമിതി<br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ<br>പ്രവർത്തനം<br>എസ് എസ് ജി എൽ എസ് ജി<br>ബന്ധം<br>ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ<br>സംഘടനകൾ<br>വിദ്യാഭ്യാസ പ്രവർത്തകർ<br>സഹകരണ സ്ഥാപനങ്ങൾ<br>വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ<br>സേവനം പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പിടിഎ മാതൃകാ<br>പരമാക്കുന്നതിനുള്ള നടപടികൾ<br>വിദ്യാലയ മികവുകൾ<br>പൊതുസമൂഹവുമായി പങ്കിടൽ<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന്<br>കൂടി പ്രയോജനപ്പെടുത്തൽ<br>പൊതുസമൂഹത്തിന് അവധി<br>ദിവസങ്ങളിൽ കമ്പ്യൂട്ടർ<br>പരിശീലനം<br>പ്രാദേശിക പി ടി എ<br>ഭവന സന്ദർശനം<br>പഠനക്കൂട്ടം |

GHSS Manjapra

**സാമൂഹികം**

പ്രവർത്തനം 1.

പ്രവർത്തനത്തിന്റെ പേര് :പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകൾ ആയി പൂർവവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കും | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ് എസ് ജി ഒഎസ് എ | ഒഎസ് എ |

പ്രവർത്തനം :2

പ്രവർത്തനത്തിന്റെ പേര് :പൂർവ്വ അധ്യാപക സംഗമം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കി | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച പൂർവ്വ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കുക | രണ്ടു വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | സ്റ്റാഫ് ഫണ്ട് |

GHSS Manjapra

പ്രവർത്തനം :3

പ്രവർത്തനത്തിന്റെ പേര് :രക്ഷിതാക്കൾക്ക് ഈ സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെക്കൽ | വൈകുന്നേരം അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒന്ന് വീതം | എച്ച് എം ഐ ടി സ്കൂൾ എസ് എസ് ഐ ടി സി | |

പ്രവർത്തനം :4

പ്രവർത്തനത്തിന്റെ പേര്: പിഎസ് സി കോച്ചിംഗ് ക്ലാസ്

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്ത പങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ ജോലി തേടുന്നവർക്ക് കോച്ചിംഗ് ക്ലാസ് | എല്ലാം ഞായറാഴ്ചകളിലും പൊതു അവധി ദിനങ്ങളിലും | പിടിഎ | |

GHSS Manjapra

പ്രവർത്തനം :5

പ്രവർത്തനത്തിന്റെ പേര്: വായനക്കൂട്ടം

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയലായി പുസ്തകങ്ങൾ രക്ഷിതാക്കൾ നാട്ടിലെ വായനാ താൽപര്യങ്ങൾ താല്പര്യമായി വായിക്കുവാൻ നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |

**8. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

*സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

*വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

**9. മോണിറ്ററിംഗ് രീതി**

*ഉദ്യോഗസ്ഥത തലത്തിലുള്ള മോണിറ്ററിങ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

* ദൈനംദിന മോണിറ്ററിങ് (HM, Principal)

* സോഷ്യൽ മോണിറ്ററിംഗ് രീതി (PTA)

GHSS Manjapra

## 10. ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂര വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെട്ടുകൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

GHSS Manjapra

# അനുബന്ധം

അനുബന്ധം - 1. വിദ്യാലയത്തിന്റെ സ്കെച്ചും പ്ലാനും

GHSS Manjapra

**അനുബന്ധം - 2.**

| നടപ്പുവർഷം | മുൻവർഷം |
|---|---|
| കുട്ടികളുടെ ഭവന സന്ദർശനം<br>ക്ലാസ്സ് പി റ്റി എ<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>SSLC 100% വിജയം | സ്കൂൾ വസ്<br>പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>പ്രാദേശിക പി റ്റി എ യോഗങ്ങൾ<br>പഠന ക്കൂട്ടങ്ങൾ |

**അനുബന്ധം - 3 കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളുൽ.**

| Year | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| 2024-25<br>2023-24<br>2022-23<br>2021-22 | | | | | | |

അനുബന്ധം - 4

നിലവിലുള്ള കമ്മിറ്റികൾ – അംഗങ്ങളുടെ പട്ടിക

PTA:

GHSS Manjapra

# SDC : SCHOOL DEVELOPMENT COMMITTEE

GHSS Manjapra

**OSA : OLD STUDENT ASSOCIATION**

GHSS Manjapra